"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം - വയനാട് ഡിവിഷനിലെ എലിഫന്റ് സ്ക്വാഡ് & ആർ. ആർ.ടി. റെയ്ഞ്ചിലെ ആനപാപ്പാനായ ശ്രീ. എം.എസ്. മാധവന്, 15/11/2012 മുതൽ 25/02/2014 വരെ മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലല്ലാതെ കെ.എസ്.ആർ ഭാഗം I, ചട്ടം 88 പ്രകാരം ശൂന്യവേതനാവധി അനുവദിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.320/2023/F&WLD തീയതി, തിരുവനന്തപുരം, 26-08-2023

---

പരാമർശം:-

1. ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് - ന്റെ 07.01.2022 - ലെ ഇ6-1831/2021 നമ്പർ കത്ത്.
2. നോർത്ത് വയനാട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ 05.07.2023 - ലെ ഇ1-1844/2022 നമ്പർ നടപടി ക്രമം.

**ഉത്തരവ്**

വനം വകുപ്പിൽ, വയനാട് ഡിവിഷനിലെ എലിഫന്റ് സ്ക്വാഡ് & ആർ.ആർ.ടി. റെയ്ഞ്ചിലെ സ്ഥിരം ആനപാപ്പാനായ ശ്രീ. എം.എസ്.മാധവൻ അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിന്ന 15/11/2012 മുതൽ 25/02/2014 വരെ, 468 ദിവസത്തെ അവധി, ശൂന്യവേതനാവധിയായി അനുവദിച്ച് ഉത്തരവാകണമെന്ന് പരാമർശം 1 പ്രകാരം ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് സർക്കാരിൽ അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്നതിന്, ശ്രീ. എം.എസ്.മാധവന്റെ, ഒരു വാർഷിക ശമ്പള വർദ്ധനവ് ഒരു വർഷത്തേക്ക് സഞ്ചിതഫല പ്രാബല്യമില്ലാതെ തടഞ്ഞ് കൊണ്ട് പരാമർശം 2 പ്രകാരം ടിയാനെതിരെയുള്ള അച്ചടക്ക നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ, വയനാട് ഡിവിഷനിലെ എലിഫന്റ് സ്ക്വാഡ് & ആർ.ആർ.ടി. റെയ്ഞ്ചിലെ ആനപാപ്പാനായ ശ്രീ. എം.എസ്. മാധവന്, 15/11/2012 മുതൽ 25/02/2014 വരെ, ടി കാലയളവ് ഇൻക്രിമെന്റ്, ഹയർഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നീ സേവനാനുകൂല്യങ്ങൾക്ക് പരിഗണിക്കുകയില്ല എന്ന വ്യവസ്ഥയിൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലല്ലാതെ കെ.എസ്.ആർ ഭാഗം I, ചട്ടം 88 പ്രകാരം ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സീത എസ് ലക്ഷ്മി
അണ്ടർ സെക്രട്ടറി

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് ( ഭരണം ),
തിരുവനന്തപുരം.
ശ്രീ. എം.എസ്.മാധവൻ ( അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് ( ഭരണം ) മുഖേന ).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം.
ധന (അഗ്രി-എ) വകുപ്പ് ( 2044548/ Agri-A1/91/2022-FIN തീയതി: 11.08.2023 ).
വെബ് & ന്യൂ മീഡിയ, ഐ&പി.ആർ.ഡി., സെക്രട്ടേറിയറ്റ്.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Noushad S
Date: 26-08-2023 12:10:58
സെക്ഷൻ ഓഫീസർ